# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2430 08.03.2017-ൽ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ.യിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| | ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. വി.പി.സജീന്ദ്രൻ | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യിൽ 'ഇളവ് 2017' എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കെ.എസ്.എഫ്.ഇ. യിൽ വർദ്ധിച്ചുവരുന്ന കുടിശ്ശിക തീർപ്പാക്കുന്നതിനായി 01.01.2017 മുതൽ 31.03.2017 വരെയുള്ള കാലയളവിലേയ്ക്കായി നടപ്പിലാക്കിയിട്ടുള്ള കടാശ്വാസ പദ്ധതിയാണ് 'ഇളവ് 2017'. വൻ തോതിലുള്ള പലിശ ഇളവുകൾ വരിക്കാർക്ക് നൽകുന്ന ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത് 31.03.2016 ന് മുൻപായി കുടിശ്ശിക ആയിട്ടുള്ള വിളിച്ചെടുത്ത ചിട്ടികളിലേയും വിവിധ വായ്പകളിലേയും വരിക്കാർക്കാണ്. കുടിശ്ശിക ആരംഭിച്ച തീയ്യതി അനുസരിച്ച് പലിശ നിരക്കിൽ 3%,4%,6% എന്ന തോതിലാണ് ഇളവ് അനുവദിക്കുന്നത്. |
| (ബി) | ഇതിലൂടെ എത്ര കോടിയുടെ കുടിശ്ശിക സമാഹരണമാണ് കെ.എസ.എഫ്.ഇ. ലക്ഷ്യമിടുന്നത്; നിലവിൽ കുടിശ്ശികയായി എത്ര കോടി കെ.എസ്.എഫ്.ഇ. ക്ക് ലഭിക്കുവാനുണ്ട്; | (ബി) | 400 കോടി രൂപയുടെ കുടിശ്ശിക സമാഹരണം ലക്ഷ്യമിടുന്നു. 2016 ഡിസംബർ 31-ലെ കണക്കനുസരിച്ച് 776 കോടിരൂപയാണ് ആകെ കുടിശ്ശിക. |

| | | | |
|---|---|---|---|
| (സി) | നോട്ട് അസാധുവാക്കിയ നടപടി കെ.എസ്.എഫ്.ഇ.യെ എപ്രകാരമാണ് ബാധിച്ചതെന്ന് അറിയിക്കാമോ; | (സി) | കെ. എസ്. എഫ്. ഇ. യുടെ ചിട്ടി /ലോൺ തിരിച്ചടവിൽ തൊട്ടു മുൻ മാസത്തെ അപേക്ഷിച്ച് നോക്കുമ്പോൾ 21.97 ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ട്. |
| (ഡി) | 2016 നവംബർ-ഡിസംബർ മാസങ്ങളിൽ കെ.എസ്.എഫ്.ഇ.യുടെ തിരിച്ചടവിൽ കുറവുണ്ടായിട്ടുണ്ടോ എന്നും എങ്കിൽ എത്ര കോടിയുടെ കുറവുണ്ടായെന്നും വെളിപ്പെടുത്തുമോ; | (ഡി) | (see table below) |
| (ഇ) | ഈ പ്രതിസന്ധി എപ്രകാരമാണ് മറികടക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഇ) | തിരിച്ചടവ് സാധാരണ നിലയിലാക്കാൻ വേണ്ടിയുള്ള സംവിധാനങ്ങൾ കെ.എസ്.എഫ്.ഇ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ബ്രാഞ്ചുകളിലും ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തി. അതുപോലെ തന്നെ മിക്കവാറും ശാഖകളിൽ പോയിന്റ് ഓഫ് സെയിൽസ് ( POS ) മെഷീനുകൾ സ്ഥാപിച്ചു. ഇതു വഴി കറൻസി രഹിത തിരിച്ചടവുകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ദിവസ പിരിവു സമ്പ്രദായം ഊർജിതപ്പെടുത്തിയും തിരിച്ചടവിലുണ്ടായ കുറവ് പരിഹരിക്കുവാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. വലിയ കുടിശികക്കാരെ കട വിമുക്തരാകാൻ സഹായിക്കുന്ന 'ഇളവ് - 2017' പദ്ധതി പ്രകാരം സമാഹരിക്കുന്ന തുകയും സ്ഥാപനത്തിന്റെ ലിക്വിഡിറ്റി വർദ്ധിപ്പിക്കാൻ സഹായകരമാണ്. നിലവിലെ 442 ശാഖകളിൽ കോർ ബാങ്കിംഗ് സമ്പ്രദായം കൊണ്ടു വന്നതും തിരിച്ചടവിനെ സഹായിക്കുന്നതാണ്. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതോടെ മുഴുവൻ ശാഖകളും ഈ സമ്പ്രദായത്തിൽ വരുന്നതാണ്. |

(ഡി) answer:

| മാസം | കളക്ഷൻ (കോടി രൂപയിൽ) | ഒക്ടോബർ മാസത്തെ അടിസ്ഥാനമാക്കി കുറവ് കണക്കാക്കിയത് (കോടി രൂപയിൽ) |
|---|---|---|
| ഒക്ടോബർ | 1292 | — |
| നവംബർ | 1008 | 284 |
| ഡിസംബർ | 1143 | 149 |

സെക്ഷൻ ഓഫീസർ.